"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരായ ശ്രീമതി. പ്രമീള എൽ, ശ്രീമതി. ഷൈനി വി എൻ എന്നിവരുടെ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചും ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ നിയമനത്തിനായി കാത്തു നിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.135/2025/GAD തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:- 1. 16.10.2024 - ലെ സ.ഉ(സാധാ)നം.4569/2024/പൊഭവ.

2. 30.10.2024 - ലെ സ.ഉ. (സാധാ) നം. 2074/2024/തസ്വഭവ.

**ഉത്തരവ്**

സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച്& ട്രെയിനിംഗ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എന്നീ സ്ഥാപനങ്ങളിലെ അന്യത്രസേവന കാലാവധികൾ അവസാനിച്ചതിനെ തുടർന്ന് യഥാക്രമം 22.08.2024, 04.09.2024 തീയതികളിൽ ധനകാര്യ വകുപ്പിൽ റിപ്പോർട്ടു ചെയ്ത ജോയിന്റ് സെക്രട്ടറിമാരായ ശ്രീമതി. പ്രമീള എൽ, ശ്രീമതി. ഷൈനി വി. എൻ എന്നിവരുടെ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമീകരിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പ് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചപ്പോൾ അന്യത്ര സേവന കാലാവധി അവസാനിച്ച് ധനകാര്യ വകുപ്പിൽ റിപ്പോർട്ട് ചെയ്ത മേൽ രണ്ട് ഉദ്യോഗസ്ഥർക്കും നിയമനം നൽകുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിൽ ധനകാര്യ വകുപ്പ് കാലതാമസം വരുത്തിയതായി കണ്ടെത്തി.

3. മേൽ സാഹചര്യത്തിൽ ചുവടെ സൂചിപ്പിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

a. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി പ്രമീള എൽ - നിയമനത്തിനായി കാത്തുനിന്ന 09.09.2024 മുതൽ 31.10.2024 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകുന്നു.

b. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി ഷൈനി വി എൻ നിയമനത്തിനായി കാത്തു നിന്ന 04.09.2024 മുതൽ 15.10.2024 വരെയുള്ള കാലയളവ് (10.09.2024 മുതൽ 30.09.2024 വരെ പരിവർത്തിതാവധി അനുവദിച്ച കാലയളവ് ഒഴികെ) കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4

പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകുന്നു.

c. ലീവ്, അന്യത്രസേവനം, പരിശീലനം മുതലായവ കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെ ഭാവിയിൽ അനന്തമായി നിയമനത്തിനായി കാത്തു നിർത്തുന്ന പ്രവണത അവസാനിപ്പിക്കാനും അവർ റിപ്പോർട്ടു ചെയ്യുന്നതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ നിയമന നിർദ്ദേശം പൊതുഭരണ വകുപ്പിൽ സമർപ്പിക്കാനും ധനകാര്യ വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു.

d. നിയമനത്തിനായി കാത്തുനിൽക്കേണ്ടി വരുന്ന ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ മുകളിലോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരുടെയും നിയമനത്തിനായി കാത്തു നിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുഭരണ വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പിന് കർശന നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ധനകാര്യ വകുപ്പ് മുഖാന്തിരം)
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 13-01-2025 13:58:12
സെക്ഷൻ ഓഫീസർ